ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ 'അളാരി' വീട്ടിൽ ശ്രീ. വിജീഷിന്റെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ കാരുണ്യ ബെനവലന്റ് ഫണ്ട് 16-ാം സംസ്ഥാനതല കമ്മിറ്റി അംഗീകരിക്കുകയും 10,000 രൂപ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ ചികിത്സയുമായി ബന്ധപ്പെട്ട ഒറിജിനൽ ബില്ലുകളും രേഖകളും എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ടി ഇ ക ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

കാരുണ്യ പദ്ധതി

127 (4709) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) അടിയന്തര സാഹചര്യങ്ങളിൽ, ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെയുള്ളവയ്ക്ക് ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ടയാളുകൾക്ക് കാരുണ്യയിൽ മുൻകൂട്ടി അപേക്ഷിക്കാൻ സാധിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗത്തെ തുടർന്ന് ആശുപത്രികളിൽ എത്തുകയും ഉടൻ ശസ്ത്രക്രിയയ്ക്ക് വിധേയമാകുകയും ചെയ്യുവരുടെ കാര്യത്തിൽ, കാരുണ്യ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ ; ചികിത്സയ്ക്ക് ശേഷം ബില്ലുകളുമായി കാരുണ്യ ആഫീസിലെത്തുന്ന പാവപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) അത്തരം കേസുകളിൽ അപേക്ഷ നൽകുന്നതിലെ കാലതാമസം ഇളവ് ചെയ്തു കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ സഹായം നൽകുന്നതിനുള്ള വ്യവസ്ഥകളിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഉടൻ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുൻപ് സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സമർപ്പിച്ചതിനുശേഷം യഥാസമയം ചികിത്സാനുമതി ലഭിക്കുന്നതിനോ യുക ആശുപത്രിയിൽ എത്തുന്നതിനോ കാലതാമസം വരുന്ന കേസ്സുകളിൽ രോഗി കൈയ്യിൽനിന്നും ചികിത്സയ്ക്കായി ചെലവാക്കിയ യുകയ്യ് ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന രേഖകളും ബില്ലുകളുമനുസരിച്ച് യുക റീ-ഇംബേഴ്സ്മെന്റായി നൽകി വരുന്നുണ്ട്. അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ശേഷം സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുകയും അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധനയും ഡോക്ടർമാർ ഉൾപ്പെട്ട സബ്കമ്മിറ്റിയുടെ പരിശോധനയും പൂർത്തിയാക്കി സംസ്ഥാനതല കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സബ്കമ്മിറ്റിയുടെ ശിപാർശയിന്മേൽ സംസ്ഥാനതല കമ്മിറ്റി ഉചിതമായ തീരുമാനം കൈക്കൊണ്ടുവരുന്നു. അർഹരായ രോഗികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാരുണ്യ ചികിത്സാ പദ്ധതി

128 (4710) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത്:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായത്തിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടോ ; എങ്കിൽ മൊത്തം അപേക്ഷകൾ എത്ര ; ഓരോ ജില്ലയിലും എത്ര ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly